**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. യു. എ. ലത്തീഫ്, ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം നൽകണമെന്ന് റിലയൻസ് ഗ്രൂപ്പ് കമ്പനി കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിരുന്നോ; | (എ) | കരാർ നീട്ടി നൽകാത്തതിന് നഷ്ടപരിഹാരം നല്കണമെന്ന് റിലയൻസ് ഗ്രൂപ്പ് കെ.എസ്.ഇ.ബി-യോട് ആവശ്യപ്പെട്ടിട്ടില്ല. BSES കേരള പവർ ലിമിറ്റഡ് (BKPL) ഉം കെഎസ്ഇബിഎൽ-ഉം തമ്മിലുള്ള വൈദ്യുതി വാങ്ങൽ കരാർ 31 ഒക്ടോബർ 2015-ന് അവസാനിച്ചു. തുടർന്ന് കരാർ നീട്ടുന്നതിന് BKPL ഉം കെഎസ്ഇബിഎൽ-ഉം ചർച്ചകൾ നടത്തിയെങ്കിലും PPA വ്യവസ്ഥയിൽ യോജിക്കാത്തതിനാൽ കരാർ പുതുക്കൽ റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിൽ എത്തുകയും, കരാർ പുതുക്കൽ കമ്മീഷൻ നിരസിക്കുകയും ചെയ്തു. PPA കാലാവധിക്ക് ശേഷവും BKPL സംഭരിച്ച നാഫ്ത സുരക്ഷാ പ്രശ്നങ്ങൾക്കിടയാക്കുമെന്നതിനാൽ, ടി നാഫ്താ തീർക്കുന്നതിന്റെ ഭാഗമായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം 25-05-2017 മുതൽ 24.06.2017 വരെ ഉത്പാദിപ്പിച്ച വൈദ്യുതിയുടെ (61.92 MU) നിരക്ക് സംബന്ധിച്ച തർക്കമുണ്ടായി. പ്രസ്തുത വിഷയങ്ങളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 05.10.2018- ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ BKPL ഉം കെഎസ്ഇബിഎൽ-ഉം ബഹു. APTEL മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി പ്രകാരം കെ.എസ്.ഇ.ബി.യ്ക്കുണ്ടാകുന്ന ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബഹു. APTEL, 25-05-2017 മുതൽ 24.06.2017 വരെ ഉത്പാദിപ്പിച്ച വൈദ്യുതിക്ക് (61.92 MU) 31 ഒക്ടോബർ 2015 ന് അവസാനിച്ച വൈദ്യുതി വാങ്ങൽ കരാറിന്റെ വ്യവസ്ഥകൾ പ്രകാരം കെഎസ്ഇബിഎൽ സെറ്റിൽമെന്റ് ചെയ്യാനും 01.11.2015 മുതൽ 31.10.2017 വരെയുള്ള രണ്ട് വർഷത്തേക്ക് PPA പ്രകാരമുള്ള മുഴുവൻ ചാർജുകൾ നൽകാനും 09 സെപ്റ്റംബർ 2025-ന് വിധി |

| | | | |
|---|---|---|---|
| | | | പ്രസ്താവിച്ചു. തുടർന്ന് BKPL 367 കോടി രൂപയുടെ ബില്ല് കെഎസ്ഇബി-ക്ക് നൽകുകയുണ്ടായി. |
| (സി) | വിധിക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | 09.09.2025-ന് ബഹു. APTEL പുറപ്പെടുവിച്ച വിധി സ്റ്റേ ചെയ്യുന്നതിനുള്ള ഇടക്കാല അപേക്ഷയോടൊപ്പം, ആ വിധി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കെഎസ്ഇബിഎൽ സുപ്രീം കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചു. സുപ്രീം കോടതി 15.01.2026-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ, 8 ആഴ്ചയ്ക്കുള്ളിൽ റെഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ 150 കോടി രൂപ നിക്ഷേപിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അപ്പീലുകൾ സ്വീകരിച്ചതായി അറിയിച്ചു. നിലവിൽ ഈ അപ്പീൽ സുപ്രീം കോടതിയിൽ പരിഗണനയിൽ തുടരുകയാണ്. |

സെക്ഷൻ ഓഫീസർ